മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

എന്താണ് നമുക്ക് വേണ്ടത്?: ഒരു നവയുഗ വിചാരം

ഫാ. ഡോ. കെ. എം. ജോർജ്ജ്



"ഇതാ ഞാൻ ജീവനും മരണവും നിന്റെ മുന്നിൽ വച്ചിരിക്കുന്നു....
ജീവൻ തെരഞ്ഞെടുത്തു കൊൾക (ആവർത്തനപുസ്തകം 30:15, 20)

ഒരു വല്ലാത്ത തെരഞ്ഞെടുപ്പിനു മുമ്പിലാണ് നാം. പലതരത്തിലാണ് ആളുകൾ ഇതിനോട് പ്രതികരിക്കുന്നത്. ഈ ആഗോളവ്യാധി മാറുമ്പോൾ മുമ്പുണ്ടായിരുന്ന സ്വതന്ത്ര ലോക വ്യവസ്ഥയിലേക്ക് നാം തിരിച്ചുപോകും എന്നു കരുതുന്നവരാണ് ഒന്നാമത്തെ കൂട്ടർ. രാഷ്ട്രങ്ങളുടെയും മതങ്ങളുടെയും നേതൃസ്ഥാനങ്ങളിലും ആ ചിന്തയുള്ളവർ ധാരാളം ഉണ്ട്. എന്നാൽ എല്ലാം അപ്രതീക്ഷിതവും അനിശ്ചിതവുമായതുകൊണ്ട് ഇനി എന്തു സംഭവിക്കുമെന്നു സംശയിക്കുകയും ഭയപ്പെടുകയും ചെയ്യുന്ന രണ്ടാമത് ഒരുകൂട്ടം ആളുകളുണ്ട്. മൂന്നാമതൊരു കൂട്ടർ ഈ പ്രതിസന്ധിമൂലം പുതിയ ഒരു ലോകവ്യവസ്ഥയും സാമൂഹ്യക്രമവും ജീവിതശൈലിയും ലോകം മുഴുവൻ ഉണ്ടാകും അല്ലെങ്കിൽ ഉണ്ടാക്കണം എന്ന് ഉറച്ചു വിശ്വസിക്കുകയും അതിനായി പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവരുമാണ്.

ഏതായാലും കൊറോണ വൈറസിന് വാക്സിൻ കണ്ടുപിടിച്ച് പ്രചാരത്തിലാകുമ്പോഴേക്കും ലോകസാമ്പത്തിക ക്രമത്തിനും ഇപ്പോഴത്തെ ആഗോളവ്യവസ്ഥക്കും ചെയ്യാവുന്ന നാശമെല്ലാം ഈ പകർച്ചവ്യാധി മൂലം സംഭവിച്ചു കഴിയും. മാത്രവുമല്ല ഈ വൈറസിന് മ്യൂട്ടേഷൻ സംഭവിച്ച് ഇനിയും കണ്ടുപിടിച്ചേക്കാവുന്ന വാക്സിൻ ഫലശൂന്യമാകാനിടയുണ്ട്. അതുപോലെ തന്നെ നാം ഒരിക്കലും മറക്കരുതാത്ത ഒരു കാര്യമുണ്ട്. എത്ര നാടകീയവും ആകസ്മികവുമായി കൊറോണ വൈറസ് പ്രത്യക്ഷപ്പെട്ട് നമ്മുടെ ലോകത്തെ തകിടം മറിച്ചുവോ അതുപോലെ കണ്ണിമക്കുന്നതിനിടയിൽ മനുഷ്യവർഗത്തെ മുഴുവൻ തുടച്ചു നീക്കാവുന്ന പുതിയ വൈറസുകൾ അസംഖ്യം അണിയറയിൽ ഉണ്ട്. അതുകൊണ്ട് നമ്മുടെ കണക്കുകൂട്ടലുകളും പ്രതിരോധശ്രമങ്ങളും ആകപ്പാടെ പാളിപ്പോകാനും സാധ്യതയുണ്ട്.

ആദ്യം പറഞ്ഞ മൂന്നു നിലപാടുകൾ സൂചിപ്പിക്കുന്ന കാര്യങ്ങൾ അങ്ങനെ കൃത്യമായിട്ട് ആയിരിക്കുകയില്ല ഭാവിലോകത്തിൽ സംഭവിക്കുന്നത്. പല രംഗങ്ങളിൽ നിന്നും പല ആശയങ്ങൾ സ്വീകരിച്ചുകൊണ്ടുള്ള ഒരു സമ്മിശ്ര അനുഭവമായിരിക്കും പുതിയ ഭാവി. മതപരമായി ഇതിന്റെ അനന്തരഫലങ്ങളെക്കുറിച്ച് ചിന്തിക്കുന്നവർ നിരവധി ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. സാധാരണക്കാരായ ധാരാളം ആളുകൾ അവരുടെ ജീവിതത്തിന് അർത്ഥം നൽകികൊണ്ടിരുന്ന മതാനുഷ്ഠാനങ്ങളും ആചാരാഘോഷങ്ങളും ഇല്ലാതാകുന്നതോടെ പരിഭ്രമിച്ചു ചിന്താകുഴപ്പത്തിൽ ആകാനിടയുണ്ട്. ക്രിസ്തീയ സഭകളിൽ പ്രത്യേകിച്ച് പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളിൽ ഏതാണ്ട് 70, 75 വർഷങ്ങളായി, അതായത് രണ്ടാം ലോകയുദ്ധത്തിനു ശേഷം, സെക്കുലറൈസേഷന്റെ തരംഗം വ്യാപിച്ചതോടെ ഒരു വലിയ സംഘം ജനങ്ങൾ ഔദ്യോഗിക സഭകളിൽ നിന്ന് വിട്ടുപോയി. പ്രത്യേകിച്ച് പരമ്പരാഗത പ്രൊട്ടസ്റ്റന്റ് സഭകളിൽ ആളുകളില്ലാതെ പള്ളികൾ ശൂന്യമാകുകയോ വിൽക്കപ്പെടുകയോ ഒക്കെ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ആളുകൾ സ്ഥിരമായി പള്ളികളിൽ പൊയ്ക്കൊണ്ടിരുന്ന സ്ഥലങ്ങളിൽത്തന്നെ ഇപ്പോൾ റ്റി.വി, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെ ആരാധനയിൽ സംബന്ധിച്ച് അല്പം വൈകാരിക സന്തോഷം നേടുന്നവരുണ്ട്. ഇനി ഈ വ്യാധി മാറിയാലും ആ രീതി പലരും തുടർന്നേക്കാം. സഭകൾക്ക് ഇതൊരു വലിയ പ്രതിസന്ധിയാണ്. വേദശാസ്ത്രപരമായും അപ്പോസ്തോലിക പാരമ്പര്യമനുസരിച്ചും ക്രിസ്ത്യാനികൾ ആരാധനയ്ക്ക് ശാരീരികമായിത്തന്നെ ഒരുമിച്ച് കൂടണം. അങ്ങനെ കൂടുന്ന സഭകളിലാണ് വി.കുർബ്ബാന എന്ന കേന്ദ്രകൂദാശാനുഷ്ഠാനം നടക്കുന്നത്. സമാധാനത്തിന്റെ കൈയ്യസൂരി കൊടുത്തും ആശ്ലേഷിച്ചും, മൂടിയില്ലാത്ത മുഖങ്ങൾ പരസ്പരം കണ്ട്, ദീനതയും സന്തോഷവും തിരിച്ചറിഞ്ഞ്, നമുക്കുള്ളത് പങ്കുവച്ച് കൂട്ടായ്മ പ്രകടിപ്പിക്കുന്നതാണ് ആ സഭ. ഗ്രീക്കുഭാഷയിൽ Synaxis എന്ന് ആദിമുതൽ വിളിച്ചുകൊണ്ടിരുന്ന വിശുദ്ധ കൂട്ടായ്മ സഭാഗാത്രത്തിന്റെ സമഗ്രത വെളിപ്പെടുത്തികൊണ്ടിരുന്നു. രോഗം, വാർധക്യം, യാത്ര, മരണം തുടങ്ങിയവ മൂലം ദേവാലയത്തിൽ സന്നിഹിതരല്ലാത്ത എല്ലാവരേയും ആത്മീയമായി പങ്കെടുപ്പിക്കുന്ന ആത്മീയവും ഭൗതികവുമായ ഈ കൂടിവരവ് ഇല്ലാതായാൽ സഭ (Ecclesia) എന്ന ആത്മീയസംഘത്തിന്റെ അർത്ഥം നഷ്ടപ്പെടും. അതുകൊണ്ട് എല്ലാ സഭകളെയും നേരിടുന്ന ദൈവശാസ്ത്രപരവും ആദ്ധ്യാത്മികവുമായ ഒരു ചോദ്യമാണ് കോവിഡ് രോഗം ആഗോളതലത്തിൽ ഉയർത്തിയിരിക്കുന്നത്. അതുപോലെ തന്നെ സുപ്രധാനമാണ് ഇതിന്റെ ഭൗതികവശം. നേർച്ചപെട്ടിയിൽ ജനങ്ങൾ കാശിട്ടില്ലെങ്കിൽ, മെത്രാന്മാർക്കും, വൈദികർക്കും കൈമുത്ത് കൊടുത്തില്ലെങ്കിൽ എന്താണ് സംഭവിക്കുകയെന്ന് ഊഹിക്കാൻ ബുദ്ധിമുട്ടില്ല. ഇപ്പോൾ തന്നെ കുറെയൊക്കെ അത് സംഭവിച്ചു കഴിഞ്ഞു. ദേവാലയങ്ങൾ, വൻ തീർത്ഥാടന കേന്ദ്രങ്ങൾ, വിശുദ്ധരുടെ കബറിടങ്ങൾ, കുരിശിൻതൊട്ടികൾ എന്നിവിടങ്ങളിലെല്ലാം 'മണികിലുക്കം' ഇല്ലാതായാൽ വൈദികശ്രേണികൾ ഉപജീവനത്തിന് ബുദ്ധിമുട്ടി തുടങ്ങും.

കോവിഡ് പ്രതിസന്ധിയെ ഒരു സുവർണ്ണാവസരമായി കരുതുന്ന രീതി വന്നു തുടങ്ങി. ഉദാഹരണമായി വലിയ കമ്പനികളും മറ്റും വിശാലമായ ഓഫീസു

എല്ലാ ആഴ്ചയിലും ഓരോ ഭദ്രാസനത്തിലെയും വൈദികർക്ക് നിർബന്ധിതമായി ഒരു ബൈബിൾ സ്റ്റഡി ഓൺലൈനായി നടത്താവുന്നതാണ്. വൈദികർക്കുള്ള ബൈബിൾ ക്ലാസിൽ പാസ്റ്ററൽ രംഗത്തും സമകാലിക സമൂഹ്യ രംഗത്തും ഉള്ള പ്രവണതകളും സുവിശേഷ സാധ്യതകളും ഉയർത്തിക്കാണിക്കാം. വിവാഹിത വൈദികരാണെങ്കിൽ അവരുടെ ഭാര്യമാർകൂടി ഇതിൽ സംബന്ധിക്കാൻ ഏർപ്പാടു ചെയ്യണം. ആശ്രമങ്ങളോ അരമനകളോ ആണെങ്കിൽ അവിടുത്തെ അംഗങ്ങൾ ഒരുമിച്ച് ഇതിൽ പങ്കെടുക്കുകയും ചെയ്യണം. വൈദികർ അവരുടെ ഇടവകകളിൽ രണ്ടോ മൂന്നോ പ്രാർത്ഥനാപൂർവ്വമായ ബൈബിൾ ധ്യാനങ്ങൾ എല്ലാ ആഴ്ചയും നടത്തുകയും ചെയ്യണം. വലിയ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ തിരുവചനത്തിന്റെ ശ്രദ്ധാപൂർവ്വമായ മനനം, ആത്മീയ ദർശനത്തിന്റെ പങ്കുവെയ്ക്കൽ എന്നിവയാണ് അഭയം. നാമെല്ലാവരും വ്യക്തിപരമായി ബലഹീനതകൾ ഉള്ളവരായതുകൊണ്ട് സുവിശേഷത്തിന്റെ കൂട്ടായ ധ്യാനവും പരസ്പരമുള്ള പ്രോത്സാഹനവും ഇക്കാലത്ത് വളരെയേറെ ആവശ്യമാണ്.

കൾ ഇനി ആവശ്യമില്ല എന്ന നിലയിലേക്കു വന്നു. അതിഭീമമായ വാടക, ഊർജ്ജ ചിലവ്, പാർക്കിംഗ്, യാത്രാചിലവ് ഇതെല്ലാം ഒറ്റയടിക്ക് പല ഭീമൻ കമ്പനികളും ഒഴിവാക്കി തുടങ്ങി. കമ്പ്യൂട്ടർ നെറ്റ് വർക്കിലൂടെ ചെയ്യാവുന്ന കാര്യങ്ങളെക്കുറിച്ചുള്ള അവബോധം മുമ്പുതന്നെ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അത് നടപ്പിലാക്കാനുള്ള കാരണവും അവസരവും ശരിക്കും ഉപയോഗിച്ചു തുടങ്ങി. ഇതു നമ്മുടെ പൊതുസമൂഹത്തിലുള്ള മാറ്റമാണെങ്കിൽ ക്രിസ്തീയ സഭകൾക്ക് പലതും പഠിക്കാനുണ്ട്. പഴയ പാരഡൈമിൽ നിന്ന് പുതിയതിലേക്കുള്ള മാറ്റം നടത്താനുള്ള ഒരു അവസരമായി ആയി ഇത് നാം ഉപയോഗിക്കണം.

വ്യാധി മാറി പഴയ അവസ്ഥ കൈവന്നാലും ക്രിസ്തീയ സഭകൾ ഒരു നവോത്ഥാനത്തിന്റെ പാത സ്വീകരിക്കേണ്ടത് ആവശ്യമാണ് എന്ന് തിരിച്ചറിവുള്ളവർ പറയുന്നു. 'സുവിശേഷം' എന്നാൽ നല്ലതും പുതിയതുമായ 'വാർത്ത'യാണ് (Good News). "ഈ ലോകത്തിന് അനുരൂപമായി" ജീവിക്കുകയും ഭൗതികതയുടെ മഹാസൗധങ്ങൾ കെട്ടിപ്പൊക്കുകയും ചെയ്ത പരമ്പരാഗത സഭകൾ എത്രമാത്രം പുതിയ മാറ്റങ്ങളെ സ്വീകരിക്കും എന്ന് നമുക്ക് അറിഞ്ഞുകൂടാ. എന്നാൽ സുവിശേഷ വെളിച്ചത്തിൽ ഓരോ പ്രദേശത്തുമുള്ള സഭകൾ തങ്ങളുടെ പ്രത്യേക സാഹചര്യങ്ങളും സാംസ്കാരിക പശ്ചാത്തലവും കണക്കിലെടുത്ത് ഒരു പുതിയ ജീവിതശൈലിയും സാമൂഹ്യക്രമവും സൃഷ്ടിക്കുന്നതിന് മുൻകൈയെടുക്കേണ്ടതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് ധാരാളം അഭിപ്രായങ്ങളും നിർദേശങ്ങളും വരുന്നുണ്ട്. അവയൊക്കെ സമാഹരിച്ച്, പൊതു ചർച്ചയ്ക്ക് വിധേയമാക്കി പ്രായോഗിക നടപടികളിലേക്ക് എത്രയും വേഗം നാം പ്രവേശിക്കണം. എളിയ ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

1. കൃഷിയും ഭക്ഷണവും

എല്ലാ മനുഷ്യന്റെയും പ്രഥമമായ ആവശ്യം ഭക്ഷണമായതുകൊണ്ട്, സ്ഥലമുള്ള പള്ളികൾ, ദയറാകൾ എന്നിവിടങ്ങളിലെല്ലാം ഭക്ഷണാവശ്യത്തിനു വേണ്ടിയുള്ള കൃഷി (നാണ്യ വിളകളല്ല) നടത്താം. ഇടവക പള്ളികളിൽ സന്നദ്ധസംഘങ്ങൾ രൂപീകരിച്ച്, ഇപ്പോൾത്തന്നെ ചുരുക്കം ചില സ്ഥലങ്ങളിൽ വൈദികരുടെ നേതൃത്വത്തിൽ ഇതു നടപ്പിൽ വരുത്തിയിട്ടുള്ളത് ശ്ലാഘനീയമാണ്. തീവ്രവാദ സംഘങ്ങളിൽ നിന്ന് ചെറുപ്പക്കാരെ മോചിപ്പിച്ച് ക്രിയാത്മകമായി പ്രവർത്തിക്കാനും ഇതു സഹായിക്കും. വിദേശങ്ങളിൽ പ്രവർത്തിക്കുന്ന പലരും അവരുടെ ഭൂമി വിട്ടുനൽകാൻ തയ്യാറാകും.

2. നിർമ്മാണ മോറട്ടോറിയം

അടുത്ത 15 വർഷത്തേക്ക് എങ്കിലും അനാവശ്യമായ കെട്ടിടം പണി, പള്ളി പൊളിക്കൽ എന്നിവയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കണം. ജനങ്ങൾക്ക് ആവശ്യമോ സമൂഹത്തിന് നന്മയോ ചെയ്യാത്ത എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും നിർത്തി വയ്ക്കണം.

3. സൈക്കിൾ സവാരി

ഇടവകകളിൽ പ്രത്യേകിച്ച് നിരപ്പുള്ള പ്രദേശങ്ങളിൽ സൈക്കിളിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. പരിസ്ഥിതി സംരക്ഷണത്തിൽ പ്രതിജ്ഞാബദ്ധരായ കുറേ ചെറുപ്പക്കാരെ കൂട്ടിവരുത്തുകയും സണ്ടേസ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടെ ഇക്കാര്യത്തിൽ അവബോധം പ്രചരിപ്പിക്കുകയും വേണം. പള്ളികളിൽ സൈക്കിൾ കരുതുകയും ആരോഗ്യമുള്ള വൈദികർ കഴിയുന്നിടത്തോളം സൈക്കിളിൽ ഭവന സന്ദർശനം നടത്തുകയും വേണം. അതു മറ്റുള്ളവർക്കു മാതൃകയാവും (വ്യവസായിക വിപ്ലവത്തിനു ശേഷം മനുഷ്യൻ സൃഷ്ടിച്ച ഏറ്റവും പ്രധാനപ്പെട്ട വാഹനമാണ് സൈക്കിൾ).

4. ശുചീകരണ ദിനം

എല്ലാ പെസഹാ വ്യാഴാഴ്ചയും ശുചീകരണ ദിനമായി സഭ ആചരിക്കുകയും ആശുപത്രികൾ, വൃദ്ധസദനങ്ങൾ തുടങ്ങിയുള്ള കേന്ദ്രങ്ങളും വഴികളും, തോടുകളും കുളങ്ങളും ഓരോ ഇടവകയും ചുമതല എടുത്ത് സന്നദ്ധരായ ചെറുപ്പക്കാരെയും കൂട്ടി ശുചീകരണം നടത്തണം. ഔപചാരിക കാൽകഴുകലിനെക്കാൾ എത്ര വിശുദ്ധവും വീനീതവും മനുഷ്യക്ഷേമകരവും സുവിശേഷ സാക്ഷ്യവുമാണ് ഇതെന്ന് എല്ലാവർക്കും മനസിലാകും. പാരിസ്ഥിതികമായ പ്രതിസന്ധി മൂലമായിരിക്കും ഇനി ലോകത്തിന് വലിയ കഷ്ടം വരുന്നത്. ഈ പാരിസ്ഥിതിക മാനം കൂടി കണക്കിലെടുത്താവണം നാം ശുചീകരണ ദിനം ആചരിക്കേണ്ടത്.

5. സെമിനാരികൾ

എല്ലാ വർഷവും 60-ലേറെ വൈദികരെ സൃഷ്ടിക്കുന്നു. ഭദ്രാസനാധ്യക്ഷന്മാർക്ക് കൂടുതൽ വൈദികരുടെ ആവശ്യം ഇല്ലായെന്ന് അവർ തന്നെ പറയുന്നു. 20 വർഷമെങ്കിലും ആയി ഇതിനു വ്യക്തമായ പരിഹാരങ്ങൾ, മിഷൻ രംഗത്തെ സാധ്യതകൾ ഉൾപ്പെടെ നിർദേശിക്കപ്പെട്ടിട്ടുണ്ട്. സഭയുടെ മിഷൻ രംഗത്തും മറ്റും പ്രവർത്തിക്കാൻ തയ്യാറാകാത്ത സാഹചര്യങ്ങളിൽ സെമിനാരി വിദ്യാർത്ഥികളുടെ എണ്ണം കുറക്കുകയോ പ്രവേശനം ഒന്നിടവിട്ട വർഷങ്ങളിൽ ആക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ സജീവമായ മിഷൻ - സേവന രംഗങ്ങളുണ്ടെങ്കിൽ നൂറു വൈദികർ ഇറങ്ങിയാലും അവരെ ഉപയോഗിക്കാം.

6. തിരുവചന മനനം

എല്ലാ ആഴ്ചയിലും ഓരോ ഭദ്രാസനത്തിലെയും വൈദികർക്ക് നിർബന്ധിതമായി ഒരു ബൈബിൾ സ്റ്റഡി ഓൺലൈനായി നടത്താവുന്നതാണ്. പലരും പറയുന്നതനുസരിച്ച് ചെറുപ്പക്കാരായ പല വൈദികരും വാട്സ്ആപ്പ്, ഫെയ്സ്ബുക്ക് തുടങ്ങിയ സാമൂഹിക മാധ്യമങ്ങളിൽ വെറും ഉപരിപ്ലവമായ ചർച്ചകളിലും കക്ഷിക്കുത്തുകളിലും തമാശകളിലും സമയം മുഴുവൻ കളയുകയാണ്. വൈദികർക്കുള്ള ബൈബിൾ ക്ലാസിൽ പാസ്റ്ററൽ രംഗത്തും സമകാലിക സമൂഹ്യ രംഗത്തും ഉള്ള പ്രവണതകളും സുവിശേഷ സാധ്യതകളും ഉയർത്തിക്കാണിക്കാം. വിവാഹിത വൈദികരാണെങ്കിൽ അവരുടെ ഭാര്യമാർകൂടി ഇതിൽ സംബന്ധിക്കാൻ ഏർപ്പാടു ചെയ്യണം. ആശ്രമങ്ങളോ അരമനകളോ ആണെങ്കിൽ അവിടുത്തെ അംഗങ്ങൾ ഒരുമിച്ച് ഇതിൽ പങ്കെടുക്കുകയും ചെയ്യണം. വൈദികർ അവരുടെ ഇടവകകളിൽ രണ്ടോ മൂന്നോ പ്രാർത്ഥനാപൂർവ്വമായ ബൈബിൾ





ധ്യാനങ്ങൾ എല്ലാ ആഴ്ചയും നടത്തുകയും ചെയ്യണം. വലിയ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ തിരുവചനത്തിന്റെ ശ്രദ്ധാപൂർവ്വമായ മനനം, ആത്മീയ ദർശനത്തിന്റെ പങ്കുവെയ്ക്കൽ എന്നിവയാണ് അഭയം. നാമെല്ലാവരും വ്യക്തിപരമായി ബലഹീനതകൾ ഉള്ളവരായതുകൊണ്ട് സുവിശേഷത്തിന്റെ കൂട്ടായ ധ്യാനവും പരസ്പരമുള്ള പ്രോത്സാഹനവും ഇക്കാലത്ത് വളരെയേറെ ആവശ്യമാണ്.

7. പുനപ്പരിശോധന

മേല്പ്പട്ടക്കാരുടെയും പട്ടക്കാരുടെയും ശുശ്രൂഷ അതിന്റെ സാരാംശത്തിലും അർഥ

പൂർണ്ണതയിലും എന്താണെന്ന് പുനപ്പരിശോധിക്കാനുള്ള ഒരു അവസരവുമാണ്. കൊറോണ ലോക്ക്ഡൗൺ സമയത്ത് വളരെ വളരെ തിരക്കുണ്ടെന്നു പറയപ്പെടുന്ന പല പട്ടക്കാർക്കും മേല്പ്പട്ടക്കാർക്കും പെട്ടെന്ന് ഒരു തൊഴിലില്ലായ്മ (unemployment) അനുഭവപ്പെട്ടു. വലിയ കാര്യമെന്ന് നാം ഉയർത്തിപ്പിടിച്ചമിക്കതും അപ്രസക്തമായി. സമർപ്പണബോധമുള്ള വൈദികർ പലരും ടെക്നോളജിയുടെ ആശയവിനിമയ സൗകര്യങ്ങൾ ഉപയോഗിച്ച് തങ്ങളുടെ സമയം ക്രിയാത്മകമായി ജനങ്ങളുടെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കാൻ പഠിച്ചു. നീണ്ട യാത്രകളും അതിന്റെ ഇന്ധനചെലവും എതിരേൽപ്പും വെടിക്കെട്ടുമെല്ലാം പെട്ടെന്ന് നിന്നപ്പോൾ അത് സഹിക്കാനാവാത്തവരുമുണ്ടായിരുന്നു. ചിലർക്ക് ലഘു വിഷാദരോഗം പോലും വന്നു തുടങ്ങി. അപ്പോൾ ആവശ്യവും അത്യാവശ്യവും അനാവശ്യവും തമ്മിലുള്ള വ്യത്യാസം വിവേചിച്ചറിയാനുള്ള അവസരം വൈദിക സ്ഥാനികളായ എല്ലാവർക്കും കൈവന്നു. ഈ വിവേചനശേഷി നാം തുടരണം. ചിലതൊക്കെ വേണ്ടെന്നുവയ്ക്കാൻ നമുക്ക് കഴിയണം. ഒരു പുതിയ ചൊല്ലിൽ പറയുന്നതുപോലെ "ഉള്ളവരുണ്ട്, ഇല്ലാത്തവരുണ്ട്, വേണ്ടാത്തവരുമുണ്ട്". 'വേണ്ടാത്തവരായി' കുറേപ്പേർ നമ്മുടെ നേതൃസ്ഥാനങ്ങളിൽ വന്നാൽ ഒരു കൊറോണ വൈറസിനും സഭാജീവിതത്തെ ഇല്ലാതാക്കാനാവില്ല.

8. സന്യാസ ജീവിത മൂല്യങ്ങൾ

പുതിയ ലോകസാഹചര്യത്തിൽ കുറേപ്പേർ സന്യാസ ജീവിതശൈലി സ്വീകരിക്കുവാൻ സാധ്യതയുണ്ട്. ചരിത്രം അങ്ങനെയാണ് കാണിക്കുന്നത്. ഭൗതികതയുടെ ലക്ഷ്യങ്ങൾ വീണുടയുകയും ലോകം അർത്ഥശൂന്യമായ അസംബന്ധ നാടകം ആയിതീരുകയും ചെയ്യുന്നതായി കുറേ മനുഷ്യർക്ക് ബോധ്യപ്പെട്ടേക്കാം. അവരിൽ നല്ല വിവരമുള്ള ചിലരൊക്കെ, വൈദികസ്ഥാനമോ മെത്രാൻ സ്ഥാനമോ കാംക്ഷിക്കാതെ സന്യാസത്തിന്റെ പുതിയ ജീവിതശൈലി സ്വീകരിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് സഭയുടെ സന്യാസ പ്രസ്ഥാനത്തെ ഉദാസീനമായ ഉറക്കത്തിൽ നിന്നും ഉണർത്തി പുതിയ ലോകത്തിനുവേണ്ടി ജാഗരിക്കുന്ന സമൂഹമാക്കി മാറ്റാൻ കഴിഞ്ഞാൽ നന്നായിരിക്കും. ഓൺലൈനായിട്ടുള്ള സന്യാസാശ്രമങ്ങളും നിലവിലുണ്ട്. അങ്ങനെയൊന്നിൽ അംഗത്വമെടുത്ത ഒരു വൈദികനെ അറിയാം. നേരിട്ട് കാണുന്നില്ലെങ്കിലും ചില പ്രത്യേക ജീവിതക്രമവും ലോകവീക്ഷണവും പാലിക്കാൻ ബാധ്യസ്ഥരായ ആളുകളുടെ ഓൺലൈൻ കൂട്ടായ്മയാണിത്.

സന്യാസപ്രസ്ഥാനം അതിന്റെ ശരിയായ അർത്ഥത്തിൽ, ഭൗതികമായി ഒന്നും വേണ്ടാത്തവരുടെ കൂട്ടായ്മയായിട്ടാണ് തുടങ്ങിയത്. ജീവൻ നിലനിർത്താൻ ആവശ്യമായ അല്പാഹാരവും ലളിതവസ്ത്രവും തലചായ്ക്കാനാവശ്യമായ ഒരു കൂരയും തങ്ങളുടെ സ്വന്ത അദ്ധ്വാനം കൊണ്ടുതന്നെ സൃഷ്ടിക്കുകയായിരുന്നു ആദ്യകാല സന്യാസിമാർ. പാശ്ചാത്യരാജ്യങ്ങളിൽ ആറാം നൂറ്റാണ്ടുമുതൽ ആരംഭിച്ച ബനഡിക്റ്റൈൻ സന്യാസപ്രസ്ഥാനം ora et labora (പ്രാർത്ഥിക്കുക, പ്രയത്നിക്കുക) എന്നത് ജീവിതവാക്യമായി സ്വീകരിച്ചതുകൊണ്ടാണ് പിൽക്കാലത്ത് യൂറോപ്പിന് വലിയ നേട്ടങ്ങൾ കൈവരിക്കാനായത് എന്ന് പറയുന്ന ചിന്തകന്മാരുണ്ട്. അതുകൊണ്ട് ഇപ്പോൾ മിക്കവാറും മരവിച്ചുപോയ സന്യാസ പ്രസ്ഥാനത്തിന് പുതുജീവൻ നൽകിയാൽ ഒരുപക്ഷേ അത് സഭയ്ക്കും ലോകത്തിനും നന്മയ്ക്കായി ഭവിച്ചേക്കാം.

ഇത് പറയുന്നത് സംഘടിതമായ സന്യാസപ്രസ്ഥാനം പുനർജീവിപ്പിക്കണം എന്ന അർത്ഥത്തിൽ മാത്രമല്ല. എന്നാൽ സന്യാസ പ്രസ്ഥാനം ആവിഷ്കരിച്ച പ്രധാനപ്പെട്ട ചില മൂല്യങ്ങളുണ്ട്. ആ മൂല്യങ്ങൾ എല്ലാവർക്കും ആവശ്യമാണ്. ഉദാഹരണമായി താഴെ പറയുന്നവ:

യേശുക്രിസ്തുവിനോടുള്ള പൂർണ്ണമായ സമർപ്പണത്തോടുകൂടി തങ്ങളുടെ ജീവിതത്തെ പൂർണ്ണമായും പുനക്രമീകരിക്കാൻ സന്യാസിമാരായ കുറേപ്പേർക്ക് സാധിച്ചു. എന്തിനാണ് ജീവിതത്തിൽ മുൻഗണന എന്ന് അവർ കണ്ടെത്തി. അതിന്റെ ഫലമായി സമ്പൂർണ്ണ സമത്വം അവരുടെ സമൂഹങ്ങളിലും കൂട്ടായ്മകളിലും കൈവരുത്തുവാൻ ശ്രമിച്ചു. സാധാരണഗതിയിൽ ലൗകിക സഭാതലത്തിൽ ഉണ്ടാകുന്ന നിരവധി തട്ടും തലങ്ങളുമുള്ള ഹയരാർക്കി പട്ടത്തിന്റെ പേരിലും സ്ഥാനത്തിന്റെ പേരിലും സൃഷ്ടിക്കപ്പെട്ടതാണ്. ആദി സന്യാസപ്രസ്ഥാനത്തിൽ എല്ലാവരും ദൈവസന്നിധിയിൽ സമന്മാരാണ്. അതുകൊണ്ട് ആദിമസഭയിലെപ്പോലെ പരസ്പരം സഹോദരന്മാരെന്ന് വിളിച്ചു. ആത്മീയ വഴികാട്ടികളായി ചില ഗുരുക്കന്മാരോ ആചാര്യന്മാരോ ഉണ്ടാകാം. എന്നാൽ സൈന്യത്തിലെപ്പോലെ ജനറലും കമാൻഡറും കേണലും സുപ്പീരിയറും ഒന്നും തങ്ങൾക്കിടയിൽ ഉണ്ടാകരുതെന്ന് അവർ ചിന്തിച്ചു. പിൽക്കാല കത്തോലിക്കാ സഭയിൽ അങ്ങനെ ഉണ്ടായതായി കാണാം. "ലോകത്തിൽ" ജീവിക്കുന്ന പാത്രിയർക്കീസുമാർ, ആർച്ച് ബിഷപ്പുമാർ, ബിഷപ്പുമാർ, കോർ-എപ്പിസ്കോപ്പാമാർ, വൈദികർ, ശെമ്മാശന്മാർ തുടങ്ങിയ വൈദികശ്രേണിയെ മൊത്തമായിട്ടാണ് സന്യാസിമാർ 'അൽമായ'ക്കാരെന്ന് വിശേഷിപ്പിച്ചിരുന്നത്. സന്യാസിമാർ ലോകം ഉപേക്ഷിച്ചവരാണല്ലോ (ഒൽമോ എന്ന സുറിയാനി വാക്കിന് ലോകം എന്ന് അർത്ഥം. *ഒൽമോയേ* എന്നാൽ ലോകത്തിൽ ജീവിക്കുന്നവർ, ലൗകീകർ എന്ന് അർത്ഥം. അതിൽ നിന്നാണല്ലോ അൽമായക്കാർ എന്ന വാക്കുണ്ടായത്.).

നമ്മുടെ കഴിവുള്ള ഇടവകക്കാർ ഒരല്പം സ്ഥലം സെമിത്തേരികളിൽ അനാഥർക്കും പരദേശികൾക്കുമായി നീക്കിവെച്ചാൽ നന്നായിരുന്നു. കൊറോണയേക്കാൾ ശക്തിയുള്ള ഭീകര വൈറസുകൾ ഇനിയുണ്ടാവുകയും കൂട്ടമരണങ്ങൾ സംഭവിക്കുകയും ചെയ്താൽ അടച്ചുപൂട്ടിയ സെമിത്തേരി എന്ന സങ്കൽപം തന്നെ അപ്രസക്തമാകും. അതിനു മുമ്പ് ഇങ്ങനെയൊരു കാരുണ്യ പ്രവർത്തി കഴിവുള്ള ഇടവകകൾ ചെയ്താൽ, ബന്ധപ്പെട്ട കൈക്കാരന്മാർ, കമ്മിറ്റിക്കാർ, വികാരിമാർ എന്നിവർക്ക് ദൈവകരുണ ലഭിക്കും എന്ന് പ്രത്യാശയോടെ പറയട്ടെ. മരിച്ചവരെ ആദരപൂർവ്വം സംസ്കരിക്കുക എന്നത് ക്രിസ്തീയ വിശ്വാസത്തിന്റെ അനുപേക്ഷണീയ ഭാഗമായി നാം പഠിച്ചിട്ടുണ്ടല്ലോ (കത്തോലിക്കാ പള്ളികളിലും മറ്റും 'തെമ്മാടിക്കുഴി' എന്നു പറഞ്ഞതിനു പകരം ഇതിനു നമുക്ക് 'അതിഥിക്കുഴി' എന്ന് വിളിക്കുകയും ചെയ്യാം!).

എന്നാൽ ഇപ്പോൾ വൈദികപ്പട്ടമില്ലാത്ത വിശ്വാസികളെയാണ് നാം അല്മായരെന്ന് വിളിക്കുന്നത്. കാരണം, വൈദികശ്രേണി ഒരു profession ആയി മാറി. അതിനു പുറത്തുള്ളവർ laymen ആയി. ഈജിപ്തിലെ മരുഭൂമിയിൽ ഒരു സന്യാസഗുരു പുതിയ സന്യാസിമാർക്ക് കൊടുത്ത ഉപദേശങ്ങളിൽ ഒന്ന്, "ഒരു ബിഷപ്പിനെ കാണാനിടയായാൽ എത്രയുംവേഗം അവിടെ നിന്ന് ഓടിപ്പൊയ്ക്കൊള്ളണം' എന്നാണ്. നമ്മെ ആശ്ചര്യപ്പെടുത്തുന്ന ഇങ്ങനെയൊരു ഉപദേശത്തിന്റെ യഥാർത്ഥകാരണം അലക്സന്ത്രിയ പോലെ വലിയ നഗരങ്ങളിൽ പാർക്കുന്ന ഉന്നത സ്ഥാനീയരായ ചില ബിഷപ്പുമാർ പ്രകടിപ്പിക്കുന്ന അധികാര പ്രമത്തത, ആഡംബര താൽപര്യം എന്നിവ പട്ടമോ സ്ഥാനമോ ആഗ്രഹിക്കാതെ ജീവിക്കുന്ന സന്യാസിമാർക്ക് ഒരു പ്രലോഭനമായി തീരരുത് എന്ന് വിചാരിച്ചാണ്. ഇപ്പോൾ വൈദികസെമിനാരികളിലും മറ്റും ഈ പ്രലോഭനമുണ്ട്.

നമ്മുടെ ലോകത്ത് പുതിയ പ്രതിസന്ധി ഉണ്ടാക്കിയ ഉപഭോഗ സംസ്കാരം (Consumerist Culture) സന്യാസിമാർക്ക് തീർത്തും അന്യമായിരുന്നു. അവരവർ തന്നെ കൃഷി ചെയ്തുണ്ടാക്കുന്ന ഭക്ഷണം ഒരുമിച്ച് കഴിക്കുകയും ദരിദ്രരെ കരുതുകയും ചെയ്യുന്ന ജീവിതശൈലിയായിരുന്നു ലാളിത്യത്തിന്റെ അടയാളം. ഇപ്പോഴും ലോകത്തിൽ അമേരിക്കയിലെ അമീഷ് സമൂഹത്തെപ്പോലെ അവർ സന്യാസിമാരല്ലെങ്കിലും യന്ത്രങ്ങൾ ഉപയോഗിക്കാതെയും ഉപഭോഗത്തിൽ ലാളിത്യം നിലനിർത്തിയും ജീവിക്കുന്നവരുണ്ട് എന്നുള്ളത് നമ്മെ ആശ്ചര്യപ്പെടുത്തുന്നു.

സന്യാസിമാരുടെ ജീവിതം അടിസ്ഥാനപരമായി ജീവിതത്തിന്റെ അന്ത്യം മുൻനിർത്തിയാണ്. മരണം എന്നുള്ളത് ശത്രുവല്ല, മിത്രമാണ്. മരണം മനുഷ്യജീവന്റെ സ്വാഭാവികമായ അന്ത്യമാണ് എന്ന ബോധത്തോടുകൂടി ജീവിക്കാനും, മരണത്തിനു മുമ്പ് ഈ ലോകജീവിതം അർത്ഥപൂർണമായി വിനിയോഗിക്കാനും കഴിയണം എന്ന ചിന്തയാണ് സന്യാസത്തിന്റെ അന്തർധാര. അതുകൊണ്ട് ഇവിടെ നാം തമ്മിൽ ഉണ്ടാകാവുന്ന അധികാര മത്സരങ്ങളും ദ്രവ്യാഗ്രഹങ്ങളും സുഖകാംക്ഷയും എല്ലാം മരണമെന്ന ആത്യന്തിക ബിന്ദുവിന്റെ വെളിച്ചത്തിൽ നോക്കിക്കാണുകയും പരസ്പര ക്ഷമ, പൂർണമായ ത്യാഗം, അപരന്റെ നന്മയെക്കുറിച്ചുള്ള കരുതൽ ഇതെല്ലാം ജീവിതശൈലിയായി മാറുന്നു.

ഈ മൂന്നു കാര്യങ്ങൾ എടുത്തു പറഞ്ഞത്, ഒരാശ്രമത്തിൽ വന്ന് അവിവിവാഹിതരായി ജീവിതം മുഴുവൻ സന്യസിക്കാൻ സാധിക്കാത്തവർക്കും സ്വീകാര്യങ്ങളായ മൂല്യങ്ങളായതുകൊണ്ടാണ്. കോവിഡാനന്തരം ലോകത്തിൽ ഇതുപോലുള്ള മൂല്യങ്ങളെ സന്തോഷത്തോടെ സ്വീകരിക്കുന്ന സംഘങ്ങളും കൂട്ടായ്മകളും കുടുംബങ്ങളും സൃഷ്ടിക്കാനാണ് ക്രിസ്തീയ സഭ മുൻകൈ എടുക്കേണ്ടത്. മേൽപറഞ്ഞതൊക്കെ ഒരു ആദർശചിത്രമാണെന്നു പറയാം. പ്രായോ

ഗികമായി പല കാര്യങ്ങളിൽ നമുക്കു കരുതലും ചിന്തയും വേണ്ടിവരും. എങ്കിലും ആകെത്തുകയിൽ ഒരു മഹത്തായ ഒരു ദൈവരാജ്യ ദർശനം നമ്മുടെ ഇടവകകളെയും ഭരണകർത്താക്കളെയും സാധാരണ വിശ്വാസികളെയും പ്രചോദിപ്പിച്ചാൽ അതൊരു വിപ്ലവകരമായ മാറ്റമായിത്തീരും. ഫ്രാൻസിസ് പാപ്പായെപ്പോലുള്ളവർ നൽകുന്ന ദർശനവും കാണിച്ചു തരുന്ന ജീവിത മാതൃകയും വളരെയേറെ മനുഷ്യർക്ക് പ്രത്യാശ നൽകുന്നുണ്ട്.

9. സമ്പത്ത്

ലോകത്തിൽ ഒരു നല്ല പങ്ക് ആളുകൾ പുതിയ ദാരിദ്ര്യത്തിലേക്കും തൊഴിലില്ലായ്മയിലേക്കും കടക്കുകയാണ്. അതിൽ കുറേപ്പേർ സഭാംഗങ്ങളുമായിരിക്കും. പുതിയ സാഹചര്യത്തിൽ പള്ളികൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വരുമാനം വീണ്ടും ലഭിച്ചാൽതന്നെ അതിന്റെ ഉപയോഗത്തിൽ അതികർശനമായ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും മുകളിൽ നിന്ന് നൽകേണ്ടതാണ്. നമ്മുടെ പരമ്പരാഗത പള്ളികൾക്ക് വർധിച്ചുവരുന്ന സമ്പത്തിനെക്കുറിച്ചും അതിനെ ക്രിസ്തീയവും ക്രിയാത്മകവുമായി ഉപയോഗിക്കാനുള്ള മാർഗനിർദേശങ്ങളും നൽകണമെന്നതിനെപ്പറ്റിയും പല പ്രാവശ്യം ലേഖനങ്ങളിലൂടെ സൂചിപ്പിച്ചിരുന്നത് അനുസ്മരിക്കട്ടെ.

10. ചെറുകിട ജീവിതം

മാളുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവ ഒഴിവാക്കി കഴിവതും ചെറുകിടക്കാരോട് സാധനങ്ങൾ വാങ്ങിച്ചാൽ അത് ഒരളവുവരെ നമ്മുടെ സമൂഹത്തിൽ ഉപജീവനത്തിന് ബുദ്ധിമുട്ടുന്നവരെ സഹായിക്കും. പഴയ ബാർട്ടർ സമ്പ്രദായം, അതായത് അയൽക്കാർ തമ്മിൽ അവരവർ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കളും മറ്റും കൈമാറുന്ന രീതി സ്വിറ്റ്സർലണ്ട് പോലെ പരിഷ്കൃതമായ രാജ്യങ്ങളിൽ ഇപ്പോഴും നടക്കുന്നത് കണ്ടിട്ടുണ്ട്. ഇവിടെ പണമല്ല അടിസ്ഥാന മൂല്യം. സൗഹൃദവേഴ്ചയും ആവശ്യങ്ങളിലുള്ള കൂട്ടായ്മയുമാണ്. ഗാന്ധിജിയുടെ ഗ്രാമ സ്വരാജ് പോലെയുള്ള ആശയങ്ങൾ വീണ്ടും പ്രസക്തമാവുകയാണ്.

11. നന്ദിയും ലാളിത്യവും

ഭക്ഷണക്രമത്തിലും വേഷവിധാനങ്ങളിലും അമിതമായ ആർത്തിയും അസംതൃപ്തിയും ഒഴിവാക്കി നന്ദിയോടെ ഭക്ഷണം കഴിക്കാൻ നാം ശ്രമിക്കേണ്ടതാണ്. ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള പ്രാർത്ഥന വെറും ഔപചാരികതയായി മാറിയിട്ടുള്ളതുകൊണ്ട് കുടുംബാംഗങ്ങൾ, ദയറാകൾ, അരമനകൾ എന്നിവിടങ്ങളിൽ ആ പ്രാർത്ഥന ചൊല്ലുന്നതിന് മുമ്പ് നിശ്ശബ്ദമായിരുന്ന് ലഭിച്ച ആഹാരത്തിനുവേണ്ടിയും അതിനു പുറകിൽ അധ്വാനിച്ചവർക്കുവേണ്ടിയും ആത്മാർത്ഥമായ നന്ദി പ്രകടിപ്പിച്ചുകൊണ്ടു വേണം നാം ഭക്ഷണം കഴിക്കാൻ. ഭക്ഷണത്തെചൊല്ലിയുള്ള വിമർശനം ഭക്ഷണമേശയിൽ പൂർണമായും ഒഴിവാക്കണം. വി. കുർബ്ബാനയുടെ അർപ്പണവും സ്വീകരണവും ദൈവസന്നിധിയിൽ നന്ദിപ്രകടനമായതുപോലെ നമ്മുടെ ഭക്ഷണപാനീയങ്ങൾ എത്ര ലളിതമാണെങ്കിലും മനസുകൊണ്ടെങ്കിലും ആ പ്ലേറ്റും ഗ്ലാസുമെടുത്ത് ദൈവസന്നിധിയിലേക്ക് ഉയർത്തികൊണ്ടുവേണം ഭക്ഷണം കഴിക്കാൻ. അപ്പോൾ നമുക്കു ലഭിക്കുന്ന സംതൃപ്തി (Contentment) എല്ലാ വിശിഷ്ടാഹാരങ്ങളെക്കാളും വിലയേറിയതാണ്.

12. ആഡംബരം

കൊറോണ വൈറസ് മൂലം നമ്മുടെ വിവാഹം, ശവസംസ്കാരം ഉൾപ്പെടെയുള്ള ആഡംബപൂർവ്വമായ ആചാരങ്ങളും നടപടികളും മാറ്റാൻ നിർബന്ധിതരായി. മനുഷ്യൻ സമൂഹജീവി ആയതുകൊണ്ട് കൂട്ടംചേരലും ആഘോഷവും സദ്യയും സംഗീതവുമൊക്കെ ആവശ്യമാണ്. എന്നാൽ ആവശ്യമില്ലാത്ത ആഡംബരങ്ങൾ നാം ഒഴിവാക്കണം. പള്ളികളിൽ ഇപ്പോൾ കൊടിയേറ്റവും കൊടിയിറക്കവും പൂർവ്വാധികം ഭംഗിയായി നടക്കുന്നുണ്ട്. പത്രങ്ങളിൽ പടവും വാർത്തയും വരുന്നുമുണ്ട്. അതിനിടയ്ക്ക് വെറും ശൂന്യതയാണ് എന്നും നാം ഓർത്തിരിക്കണം. ഈ ശൂന്യത നാം തിരിച്ചറിഞ്ഞില്ല. അതിനെ നാം ആഘോഷങ്ങൾകൊണ്ടും അലങ്കാരങ്ങൾകൊണ്ടും നിറക്കുകയായിരുന്നു; ഇരുട്ടുകൊണ്ടു ഓട്ടയടക്കുന്നതുപോലെ.

13. അഗതിക്കും പരദേശിക്കും

നമ്മുടെ കർത്താവിനെ ക്രൂശിക്കാൻ നേതൃത്വം കൊടുത്ത മഹാപുരോഹിതന്മാരെ നാം നിരന്തരം പ്രാർത്ഥനകളിൽ അപലപിക്കുകയും ശപിക്കുകയും ചെയ്യുന്നു. കർത്താവ് അവരോട് ക്ഷമിച്ചെങ്കിലും നാം ക്ഷമിച്ചിട്ടില്ല. എന്നാൽ ഒരു നന്മ അവരെക്കുറിച്ച് പറയണം. യൂദയ്ക്ക് കൊടുത്ത കോഴപ്പണം അയാൾ ദുഃഖിച്ച്, തിരിച്ചുചെന്ന് ദേവാലയത്തിൽ എറിഞ്ഞപ്പോൾ ആ പണമെടുത്ത് അവർ കുപ്പായക്കീശയിലിട്ടില്ല. ആ 30 വെള്ളിക്കാശുകൊണ്ട് പരദേശികളെ സംസ്കരിക്കാൻ ഒരു സ്ഥലം വാങ്ങി സെമിത്തേരിയുണ്ടാക്കി. നമ്മുടെ കഴിവുള്ള ഇടവകക്കാർ ഒരല്പം സ്ഥലം സെമിത്തേരികളിൽ അനാഥർക്കും പരദേശികൾക്കുമായി നീക്കിവെച്ചാൽ നന്നായിരുന്നു. കൊറോണയേക്കാൾ ശക്തിയുള്ള ഭീകര വൈറസുകൾ ഇനിയുണ്ടാവുകയും കൂട്ടമരണങ്ങൾ സംഭവിക്കുകയും ചെയ്താൽ അടച്ചുപൂട്ടിയ സെമിത്തേരി എന്ന സങ്കൽപ്പം തന്നെ അപ്രസക്തമാകും. അതിനു മുമ്പ് ഇങ്ങനെയൊരു കാരുണ്യ പ്രവർത്തി കഴിവുള്ള ഇടവകകൾ ചെയ്താൽ, ബന്ധപ്പെട്ട കൈക്കാരന്മാർ, കമ്മിറ്റിക്കാർ, വികാരിമാർ എന്നിവർക്ക് ദൈവകരുണ ലഭിക്കും എന്ന് പ്രത്യാശയോടെ പറയട്ടെ. മരിച്ചവരെ ആദരപൂർവ്വം സംസ്കരിക്കുക എന്നത് ക്രിസ്തീയ വിശ്വാസത്തിന്റെ അനുപേക്ഷണീയ ഭാഗമായി നാം പഠിച്ചിട്ടുണ്ടല്ലോ (കത്തോലിക്കാ പള്ളികളിലും മറ്റും 'തെമ്മാടിക്കുഴി' എന്നു പറഞ്ഞതിനു പകരം ഇതിനു നമുക്ക് 'അതിഥിക്കുഴി' എന്ന് വിളിക്കുകയും ചെയ്യാം!).

14. ലോകാവസാനവും വാതിൽക്കൽ

ഈ ലോക്ക്ഡൗൺ കാലത്തെ നാം ലോകാവസാനമായി കരുതണം. സന്ധ്യയെ ലോകാവസാനമായും ഉറക്കത്തെ മരണമായും നമ്മുടെ ആരാധനകളിൽ പിതാക്കന്മാർ പ്രതീകവല്ക്കരിക്കുന്നതുപോലെ, സകല മനുഷ്യ നഗരങ്ങളും പ്രവൃത്തികളും യാത്രകളും നിശ്ചലമാക്കിയ ഈ സാഹചര്യത്തെ ലോകത്തിന്റെ പരിസമാപ്തിയായി പരിഗണിക്കണം. കള്ളൻ രാത്രിയിൽ വരുമ്പോലെയും, മിന്നൽ ക്ഷണനേരംകൊണ്ട് ആകാശം പിളരുകയും ചെയ്യുന്നതുപോലെ കർത്താവ് വരുമെന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. നമുക്ക് ഒരിക്കലും ശരിയായ അളവിൽ കാണാനോ സങ്കൽപ്പിക്കാനോ കഴിഞ്ഞിട്ടില്ലാത്ത ഈ ബ്രഹ്മാണ്ഡത്തിന്റെ മുഴുവൻ നാശമെന്നല്ല ഇവിടെ ലോകാവസാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മനുഷ്യൻ സൃഷ്ടിച്ചതും, അവന്റെ ഗ്രഹണശേഷിക്കു വിധേയമായതുമായ മനുഷ്യലോകമാണ് അവസാനിക്കുന്നത്. നാം അർത്ഥപൂർണ്ണമെന്നും അടിസ്ഥാനമെന്നും കരുതിയ "മൂല ഭൂതങ്ങൾ അഴിഞ്ഞുപോകുന്നതും" നമുക്ക് അർത്ഥം നഷ്ടപ്പെടുന്നതുമാണ് ലോകാവസാനത്തിന്റെ അടയാളം. ഇവിടെയാണ് നാം കർത്താവിനു വേണ്ടിയും തന്റെ രാജ്യത്തിനു വേണ്ടിയും ജാഗ്രതയോടെ പ്രവർത്തിക്കേണ്ടത്. അതായത് "നമ്മെത്തന്നെ മരിച്ചവരായി കരുതുകയും", പുതിയ ജീവിതക്രമത്തിലേക്ക് സന്തോഷത്തോടെ പ്രവേശിക്കുന്നവരായി കാണുകയും ചെയ്യണം. സുവിശേഷ വെളിച്ചത്തിൽ നാമൊരു പുതിയ സഭാജീവിതശൈലി രൂപപ്പെടുത്താമോ എന്ന് ആരായണം. പഴയനിയമം വിട്ടു പുതിയ നിയമത്തിലേക്ക് നമുക്ക് സഞ്ചരിക്കാൻ താല്പര്യമുണ്ടോ എന്ന് പരിശോധിക്കണം. ഉണ്ടെങ്കിൽ അതിനനുസരിച്ച് കാര്യങ്ങൾ സമർപ്പണബോധത്തോടെ നീക്കണം. നമ്മുടെ കാലഘട്ടത്തിൽ, ലോകാവസാനം, യുഗാന്ത്യദർശനം (Eschatology) എന്നിവ നമ്മെ ശരിയായി പഠിപ്പിച്ച ഒരാൾ പ. പാമ്പാടി തിരുമേനി ആയിരുന്നു. ആ പ്രബോധനവും മാതൃകയും നാം വീണ്ടും അന്വേഷിക്കണം

15. അടയാളം

കർത്താവ് പഠിപ്പിച്ച അടയാളങ്ങൾ തിരിച്ചറിയുന്നതിനെക്കുറിച്ച് പലരും പല വർഷങ്ങളായി പറയുന്നുണ്ട്. അങ്ങനെ പറഞ്ഞവരെയൊക്കെ പരിഹസിക്കുകയും കണിയാന്മാർ കൈനോക്കി പറയുന്നതുമായി അതിന് എന്താണ് ബന്ധമെന്ന് ഔപചാരിക സദസുകളിൽ ചോദിക്കുകയും അതിനു കൈയ്യടി വാങ്ങിയവരും നമുക്കിടയിലുണ്ട്. നാം മറക്കരുത്: ഈ കോവിഡ് പ്രതിസന്ധി ദൈവം നൽകുന്ന മഹാ അടയാളമാണ്. രാഷ്ട്രീയ മേഖലയിൽ യുദ്ധത്തിലേക്കും ആയുധ സംഭരണത്തിലേക്കും രാജ്യങ്ങൾ വീണ്ടും നീങ്ങുകയാണ്. അത് വെറും അസംബന്ധമാണ് എന്ന് അദൃശ്യമായ വൈറസ് പഠിപ്പിച്ചിട്ടും നേതാക്കന്മാർ പഠിക്കുന്നില്ല. "എന്നാൽ നിങ്ങൾ അവരെപ്പോലെ ആകരുത്" എന്ന് കർത്താവ് തന്റെ സഭയെ പഠിപ്പിച്ചു. അതുകൊണ്ട് അതിൽ നിന്നു വ്യത്യസ്തമായി സത്യവും നീതിയും സമാധാനവും നിലനിൽക്കുന്ന ഇടമായി സഭ രൂപാന്തരപ്പെടണം. അപ്പോൾ ക്രിസ്തുവിന്റെ സഭ തന്നെ ലോകത്തിന് അടയാളവും സാക്ഷ്യവുമായിത്തീരും. ഇതിന് നാം തയ്യാറുണ്ടോ എന്നാണ് നമ്മുടെ നേതാക്കന്മാരും ജനങ്ങളും ഒരുമിച്ചു ചോദിക്കേണ്ട ചോദ്യം.

വീണ്ടും ദൈവം യിസ്രായേൽ ജനതയോട് ചോദിച്ച ചോദ്യം നാം പരിഗണിക്കണം. ജീവന്റെയും മരണത്തിന്റെയും മാർഗം നമുക്കു ലഭിച്ചിരിക്കുന്നു. ഏതാണ് നാം തെരഞ്ഞെടുത്തിരിക്കുന്നത്?

❑